2023 ഓഗസ്റ്റ്
ഓണപ്പതിപ്പ്

മലയാള മനോരമ

2023 AUGUST

# കർഷകശ്രീ

കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും

വില ₹ 20

കൃഷിനോട്ടം
**ടി. പത്മനാഭൻ**




EXCLUSIVE

**നനച്ചാൽ മതി കൂൺ റെഡി**

**ഓണക്കൃഷികൾ ഇലവാഴ, ചെണ്ടുമല്ലി**

**പുതിയ പംക്തി പഴത്തോട്ടത്തിൽ**

ഈ ലക്കം: റംബുട്ടാൻ

YOUTH *Special*

കൃഷിയിൽ യുവ മുന്നേറ്റം

# നൂറുമേനി വിളയുന്ന നൂതനാശയങ്ങൾ

കർഷകർക്ക് കാർബൺ ക്രെഡിറ്റുമായി കൈരളി സൊസൈറ്റി

# കാർബൺ വിറ്റ് കാശു വാങ്ങാം

സ്റ്റാഫ് ലേഖകൻ

തൃശൂർ വാരിയം റോഡിൽ പ്രവർത്തിക്കുന്ന കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സംസ്ഥാനത്തെ കർഷകർക്കു നൽകുന്നത് പുതുമയുള്ള വാഗ്ദാനമാണ്. കർഷകർ സ്വന്തം കൃഷിയിടത്തിൽ കാർബൺ ഡൈ ഓക്സൈഡ് ഉൽപാദനം കുറയ്ക്കുക; കുറയുന്ന ഓരോ ടണ്ണിനും നിശ്ചിത ഡോളർ പ്രതിഫലം കർഷകന്റെ അക്കൗണ്ടിലെത്തും. രാജ്യാന്തര തലത്തിൽ ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ നേട്ടം നമ്മുടെ കർഷകർക്കും ലഭ്യമാക്കാനുള്ള ശ്രമമാണ് കൈരളി സൊസൈറ്റിയുടേതെന്ന് ചെയർമാൻ കെ.വി. അശോകൻ പറയുന്നു.

## കാർബൺ ക്രെഡിറ്റ്

വയനാട് മീനങ്ങാടി ഗ്രാമവും കൃഷിവകുപ്പിന്റെ ആലുവ വിത്തുൽപാദന ഫാമും കാർബൺ ന്യൂട്രലായതിനെക്കുറിച്ച് കർഷകർ മുൻപേ കേട്ടതാണ്. അതിന്റെ അടുത്ത ഘട്ടമാണ് കാർബൺ ക്രെഡിറ്റ്. ഹരിതഗൃഹ വാതകങ്ങളുടെ അമിതമായ പുറന്തള്ളലാണ് ഭൂഗോള താപീകരണത്തിനും കാലാവസ്ഥ വ്യതിയാനത്തിനും കാരണമെന്നു നിരന്തരം നാം കേൾക്കാറുണ്ട്. ഈ വാതകങ്ങളിൽ മുന്നിലുള്ളത് കാർബൺ ഡൈ ഓക്സൈഡ് തന്നെ. ഒപ്പം മീഥൈനും നൈട്രസ് ഓക്സൈഡും. അന്തരീക്ഷത്തിലേക്കു തള്ളുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കഴിഞ്ഞ 20 വർഷംകൊണ്ട് 12 ശതമാനവും മീഥൈനിന്റെ അളവ് 6 ശതമാനവും വർധിച്ചെന്നാണു കണക്ക്.



കെ.വി. അശോകൻ

ഇന്ധനങ്ങൾ, രാസ-ജൈവ മാലിന്യങ്ങൾ എന്നിവ മാത്രമല്ല, കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നതും


## ക്വിസ് മത്സരം
പങ്കെടുക്കൂ, സമ്മാനം നേടൂ

ഓണത്തിന് മെഗാ സമ്മാനം

Kavungal AGRO TECH PVT. LTD.

മണ്ണുത്തിയിലെ കാവുങ്കൽ അഗ്രോ ടെക് നൽകുന്ന

ബമ്പർ സമ്മാനങ്ങൾ










നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം

താഴെക്കൊടുത്തിരിക്കുന്ന 3 ചോദ്യങ്ങൾക്ക് ഉത്തരം ഈ ലക്കത്തിൽ തന്നെയുണ്ട്. അവ കണ്ടെത്തി അറിയിക്കുക. കൂടുതൽ പേർ ശരിയുത്തരം അറിയിച്ചാൽ സമ്മാനാർഹരെ നറുക്കെടുപ്പിലൂടെ കണ്ടെത്തും.

പൂരിപ്പിച്ച ശേഷം ഈ ഭാഗം വെട്ടിയെടുത്ത് അയയ്ക്കുക.
വിലാസം: കർഷകശ്രീ, മലയാള മനോരമ, കെ. കെ. റോഡ്, കോട്ടയം 686001
ഫോട്ടോയെടുത്ത് 8714617871 എന്ന നമ്പരിൽ വാട്സാപ്പും ചെയ്യാം.
ഇ-മെയിലിലും അയയ്ക്കാം. ഇ-മെയിൽ: karsha@mm.co.in
**അവസാന തീയതി ഓഗസ്റ്റ് 15**

കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ
1. (B) റംബുട്ടാൻ 2. (C) പാൽ 3. (A) വെണ്ട


കഴിഞ്ഞ ലക്കത്തിലെ വിജയികൾ
ഒന്നാം സമ്മാനം: രാജു TN, എറണാകുളം
രണ്ടാം സമ്മാനം: സുമ മാത്യു, പത്തനംതിട്ട
മൂന്നാം സമ്മാനം: പി. അബ്ദുല്ല, മലപ്പുറം

ശരിയുത്തരം ✔ ചെയ്യുക

1. പ്ലൂറോട്ടസ് ഡിജാമർ കൂണിന്റെ നിറം?
(A) ☐ പിങ്ക് (B) ☐ വെളുപ്പ് (C) ☐ മഞ്ഞ
2. റോങ് റിയാൻ എന്ന ഇനം ഏതു പഴമാണ്?
(A) ☐ മാങ്കോസ്റ്റിൻ (B) ☐ റംബുട്ടാൻ (C) ☐ ദുരിയൻ
3. ചീസ് നിർമാണത്തിൽ എൻസൈമിനു പറയുന്ന പേര് ?
(A) ☐ ഗുഡ (B) ☐ ചെഡാർ (C) ☐ റെനെറ്റ്

Kavungal AGRO TECH PVT. LTD.
മലയാള മനോരമ കർഷകശ്രീ

പേര് ..............................
മേൽവിലാസം ..............................
..............................
പിൻ .................... ഫോൺ ....................




*ഹരിതഗൃഹ വാതക നിർഗമനത്തിന് വഴിവയ്ക്കുന്ന കൃഷിയിട പ്രവർത്തനങ്ങൾ*

കാർബൺ പുറന്തള്ളലിനു കാരണമാകുന്നുണ്ട്. നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം അന്തരീക്ഷത്തിൽ നൈട്രസ് ഓക്സൈഡിന്റെ അളവു കൂടാനിടയാക്കുന്നു. കുന്നുകൂടി കിടക്കുന്ന ചാണകത്തിൽ നിന്നാകട്ടെ, ഓക്സിജന്റെ അഭാവത്തിൽ കാർബൺ ഡൈ ഓക്സൈഡും മീഥെനും പുറന്തള്ളപ്പെടും. അതായത്, ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിലൂടെ കാലാവസ്ഥമാറ്റത്തിന് ഒരളവോളം ഇന്നത്തെ കൃഷി- മൃഗസംരക്ഷണ രീതികൾ വഴി വയ്ക്കുന്നുണ്ട്. അത് കൃഷിയെത്തന്നെ ബാധിക്കുന്നു എന്നതാണ് അപകടകരമായ യാഥാർഥ്യം. ഇവിടെയാണ് കാർബൺ ക്രെഡിറ്റിന്റെ പ്രസക്തി. കൃഷിയിടത്തിൽനിന്ന് ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ എത്രത്തോളം കുറയ്ക്കുന്നോ അത് 'ക്രെഡിറ്റ്' ആയി എണ്ണുകയും ഓരോ ക്രെഡിറ്റിനും നിശ്ചിത തുക കർഷകന് പ്രതിഫലമായി ലഭിക്കുകയും ചെയ്യുമെന്ന് കെ.വി. അശോകൻ പറയുന്നു.

ഈ രീതിയിൽ സ്വന്തം കൃഷിയിടത്തിൽനിന്നു കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന കർഷകന് ആരു പണം നൽകും? ന്യായമായ ചോദ്യം. കൈരളി സൊസൈറ്റി നൽകുമെന്നു പറഞ്ഞാൽ അവർക്കത് എവിടെനിന്നു കിട്ടുമെന്നു ചോദിക്കാം.

## ആരു നൽകും

ഐക്യരാഷ്ട്ര സംഘടനയുടെ 2021 ലെ ഗ്ലസ്ഗോ ഉച്ചകോടിയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ പ്രകാരം കാലാവസ്ഥവ്യതിയാനം തടയുന്നതിന് ലോകരാജ്യങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിന് മുഖ്യ ഹേതു വൻ വ്യവസായങ്ങളാണ്. നടപ്പുരീതിയിൽ പരിസ്ഥിതിവിരുദ്ധമായി അവർക്കു മുന്നോട്ടു പോകാനാവില്ല. അതേസമയം സോളർ ഊർജ വിനിയോഗം ഉൾപ്പെടെ എത്രതന്നെ പരിസ്ഥിതിസൗഹൃദ മാർഗത്തിലേക്കു മാറിയാലും ഒരളവു വരെ ഹരിത ഗൃഹ വാതകങ്ങൾ അവർക്കു പുറന്തള്ളേണ്ടി വരും. ഈ സാഹചര്യത്തിൽ നിശ്ചിത ശതമാനം കാർബൺ ക്രെഡിറ്റ് വില കൊടുത്തു വാങ്ങി അവർക്ക് തങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റാൻ അവസരമുണ്ട്. ആഗോളതലത്തിൽ പല കമ്പനികളും ഈ വഴിക്കു തിരിഞ്ഞു കഴിഞ്ഞെന്ന് സൊസൈറ്റിയുടെ കാർബൺ ക്രെഡിറ്റ് പ്രോജക്ട് ഹെഡ് ആയ ലതീഷും സൊസൈറ്റി ഉപദേശകസമിതി അംഗമായ കൃഷിവകുപ്പ് (റിട്ട.) ഡപ്യൂട്ടി ഡയറക്ടർ കെ.ജെ. ഒനീലും പറയുന്നു. ഇന്ത്യൻ കമ്പനികൾക്ക് നിലവിലിത് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ലെങ്കിലും അതിലേക്കാണ് പോക്ക് എന്ന് കാർബൺ ഓഡിറ്റിങ്ങിൽ രാജ്യാന്തര യോഗ്യതയുള്ള ലതീഷ് ചൂണ്ടിക്കാട്ടുന്നു. കാർബൺ വിൽപനയുടെ സാധ്യതയും അതു തന്നെ. നിങ്ങളുടെ കൃഷിയിടത്തിൽ പ്രകൃതിസൗഹൃദ കൃഷിമാർഗങ്ങളിലൂടെ നിങ്ങൾ കുറയ്ക്കുന്ന ഓരോ ടൺ കാർബണും ഓരോ കാർബൺ ക്രെഡിറ്റായി എണ്ണപ്പെടും. ഇത് നിശ്ചിത വില നൽകി മേൽപ്പറഞ്ഞ കമ്പനികൾ സ്വന്തമാക്കും. ഇത്തരം കാർബൺ ക്രെഡിറ്റ് വിനിമയത്തിനായി നിലവിൽ ഓസ്ട്രേലിയയിലെ സിഡ്നിയിൽ ഓഹരി വിപണി മാതൃകയിൽ കാർബൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഈ എക്സ്ചേഞ്ചിൽ കൈരളിയും അംഗമാണെന്ന് അശോകൻ. കാർബൺ ക്രെഡിറ്റ് ലഭിക്കുന്ന തരം കൃഷിരീതിയിലേക്ക് കർഷകരെ എത്തിക്കാനും ഈ കാർബൺ ക്രെഡിറ്റ് വിനിമയം ചെയ്ത് കർഷകർക്ക് പ്രതിഫലം നൽകാനുമാണ് കൈരളിയുടെ ശ്രമമെന്ന് അശോകൻ. ഒരു കാർബൺ ക്രെഡിറ്റിന് 40 ഡോളർ ആണ് നിലവിൽ സൊസൈറ്റി കർഷകന് വാഗ്ദാനം ചെയ്യുന്നത്.

## കർഷകരുമായി കരാർ

കർഷകരുമായി 7 വർഷത്തെ കരാറാണ് കൈരളി വയ്ക്കുന്നത്. കരാറിലെത്തുന്ന കർഷകരുടെ കൃഷിയിടത്തിലെ ഹരിതഗൃഹവാതക നിർഗമനം ഓഡിറ്റ് ചെയ്യുകയാണ് ആദ്യപടി. തുടർന്ന് കൃഷിരീതിയിൽ വരുത്തേണ്ട തിരുത്തലുകൾ നിർദേശിക്കും. കാർഷികാവശിഷ്ടങ്ങൾ കത്തിക്കാതിരിക്കൽ, ആവരണവിളകൾക്കും സമ്മിശ്ര കൃഷിരീതികൾക്കും മുൻഗണന നൽകൽ, ഡീസൽ-മണ്ണെണ്ണ പമ്പ്സെറ്റുകൾക്കു പകരം സോളർ, മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ രാമച്ചം, മുള വച്ചുപിടിപ്പിക്കൽ തുടങ്ങി ഹരിതഗൃഹ വാതക നിയന്ത്രണത്തിന് മാർഗങ്ങൾ പലതുണ്ട്. ഈ രീതിയിൽ മുന്നേറുന്ന കൃഷിയിടങ്ങൾക്ക് ഒന്നര- രണ്ട് വർഷങ്ങൾക്കുള്ളിൽ കാർബൺ ക്രെഡിറ്റ് ലഭ്യമായിത്തുടങ്ങുമെന്ന് അശോകനും ലതീഷും പറയുന്നു.

രാജ്യാന്തരവിപണിയിൽ ഇപ്പോൾത്തന്നെ കാർബൺ ന്യൂട്രൽ ഫാമുകളിൽ നിന്നുള്ള കാർഷികോൽപന്നങ്ങൾ എത്തിക്കഴിഞ്ഞു. താമസിയാതെ, കാർബൺ ന്യൂട്രൽ ഉൽപന്നങ്ങൾ തേടുന്ന ഉപഭോക്താക്കൾ സജീവമാകുമെന്നും അതു കർഷകരുടെ വരുമാന വർധനയ്ക്ക് വഴിവയ്ക്കുമെന്നും അശോകൻ പറയുന്നു. കർഷകരെ സംഘടിപ്പിച്ച് ഈ വഴിക്കുള്ള കാർഷികോൽപാദനത്തിലേക്കും വിപണനത്തിലേക്കുംകൂടി തിരിയാനൊരുങ്ങുകയാണ് കൈരളി.

✆ 9645073085, 8590600345 (വാട്സാപ് മാത്രം)